LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർഫെഡിന്റെ കീഴിൽ വിദേശമദ്യ ഔട്ട് ലെറ്റ്

87 (427) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര വിദേശമദ്യ ഔട്ട് ലെറ്റുകളാണ് നിലവിലുള്ളത് ;

(ബി) ഈ വർഷം എത്ര ഔട്ട് ലെറ്റുകളാണ് സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയത് ;

(സി) അടച്ചുപൂട്ടിയ ഔട്ട് ലെറ്റുകളിലെ ജീവനക്കാരെ എപ്രകാരമാണ് പുനർവിന്യസിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ 41 വിദേശമദ്യ ഷോപ്പുകളും 3 ബിയർ ഷോപ്പുകളുമാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

(ബി) 5 വിദേശമദ്യ ഷോപ്പുകൾ.

(സി) അടച്ചുപൂട്ടിയ ഔട്ട് ലെറ്റുകളിലെ അബ്കാരി ജീവനക്കാരെ മറ്റ് വിദേശ മദ്യഷോപ്പുകളിലേക്കും ബാക്കി ജീവനക്കാരെ ഫെഡറേഷന്റെ ഇതര യൂണിറ്റുകളിലേക്കും പുനർവിന്യസിച്ചിട്ടുണ്ട്.

വിലക്കയറ്റം തടയുവാൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ

88 (428) ശ്രീ. സണ്ണിജോസഫ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുവാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വില വർദ്ധനവുമൂലം കഷ്ടപ്പെടുന്ന പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയെക്കാൾ 20% വരെ കുറഞ്ഞ നിരക്കിൽ നന്മ സ്റ്റോറുകൾ ഉൽസവകാല സബ്സിഡി വിപണന മേളകൾ എന്നിവയിലൂടെ ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ ഉൽസവകാലങ്ങളിൽ നടത്തിവരുന്ന സബ്സിഡി വിപണനമേളകളും വർഷം മുഴുവൻ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്ന നന്മ സ്റ്റോറുകളും 20% വരെ പൊതുവിപണിയിൽനിന്നും വില കുറച്ചാണ് സാധനങ്ങൾ ലഭ്യമാക്കി വരുന്നത്. കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ മുഖാന്തിരവും ഉൽസവകാല വിപണന മേളകളും നന്മ സ്റ്റോറുകളും നടത്തി വരുന്നു. കൂടാതെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ നീട്ടെയിൽ ഔട്ട് ലെറ്റ് ശൃംഖല വിപുലീകരിച്ച് ടി സ്റ്റോറുകൾവഴി ഉൽസവകാലങ്ങളിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിപണനം നടത്തുന്നതിലൂടെയും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) (i) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ത്രിവേണി സ്റ്റോറുകൾ നീതി സ്റ്റോറുകൾ എന്നിവയിലൂടെ ഉണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തി വരുന്നു.

(ii) ഉൽസവകാലങ്ങളിൽ സംഘടിപ്പിക്കുന്ന പ്രത്യേക സബ്സിഡി വിപണന മേളകൾ സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ പൊതുവിപണിയിൽനിന്നും 20% വരെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(iii) കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങളിലൂടെയും നടത്തുന്ന നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവനും 20% വരെ കറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നു.

(ഡി) ഉൽസവകാല സബ്സിഡി വിപണന മേളകളിലൂടെയും നന്മ സ്റ്റോറുകളുടെ പ്രവർത്തനത്തിലൂടെയും സഞ്ചരിക്കുന്ന ത്രിവേണി, ഒഴുകുന്ന ത്രിവേണി എന്നിവയിലൂടെ ഉൽസവകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനത്തിലൂടെയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം

89 (429) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം ക്രമാതീതമായി വർദ്ധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ വൻവർദ്ധനയുണ്ടായതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിച്ചത് കാരണം നബാർഡിന്റെ കാർഷിക പുനർവായ്പ ലഭ്യമാകുന്നതിന് വിഘാതമായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് കാർഷിക മേഖലയിൽ വായ്പ നൽകുന്നതിന് പ്രതികൂലമായി ബാധിക്കുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly